# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**


പി.ആർ.ഒ./39/234/2018 2018 നവംബർ 2

## എം.ജി. വാർത്താക്കുറിപ്പ്

---

**പരീക്ഷ തീയതി**

മൂന്നാം സെമസ്റ്റർ ബി.എഡ്. സ്പെഷൽ എജ്യൂക്കേഷൻ (ലേണിംഗ് ഡിസെബിലിറ്റി, ഇന്റലക്ച്വൽ ഡിസെബിലിറ്റി - 2017 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി - ക്രെഡിറ്റ് ആന്റ് സെമസ്റ്റർ) പരീക്ഷകൾ ഡിസംബർ ഏഴിന് ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ നവംബർ 12 വരെയും 500 രൂപ പിഴയോടെ 13 വരെയും 1000 രൂപ സൂപ്പർഫൈനോടെ 15 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

**പരീക്ഷാഫലം**

2018 ഏപ്രിലിൽ നടത്തിയ നാലാം വർഷ ബി.എസ്‌സി. മെഡിക്കൽ ലബോറട്ടറി ടെക്നോളജി (എം.എൽ.ടി. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 15 വരെ അപേക്ഷിക്കാം.

2018 മാർച്ചിൽ നടത്തിയ എട്ടാം സെമസ്റ്റർ ബി.എ. എൽ.എൽ.ബി. (പഞ്ചവത്സരം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 17 വരെ അപേക്ഷിക്കാം.

**'ദുരന്തബാധിതരോടുള്ള ഉത്തരവാദിത്തം';**

**ശില്പശാല നടന്നു**

'ദുരന്തബാധിതരോടുള്ള ഉത്തരവാദിത്തം' എന്ന വിഷയത്തിൽ അന്തർസർവകലാശാല ഭിന്നശേഷി പഠനകേന്ദ്രവും ജില്ലാ ഇന്റർ എമർജൻസി ഗ്രൂപ്പും സ്പിയർ ഇന്ത്യയും ഓഫർ ഇസ്ലാമിക് റിലീഫും സംയുക്തമായി ഏകദിന ശില്പശാല സംഘടിപ്പിച്ചു. മഹാത്മാ ഗാന്ധി സർവകലാശാല കാമ്പസിൽ നടന്ന ശില്പശാല സബ് കളക്ടർ ഇഷ പ്രിയ ഉദ്ഘാടനം ചെയ്തു. സിൻഡിക്കേറ്റംഗം പ്രൊഫ. സന്തോഷ് തമ്പി അധ്യക്ഷത വഹിച്ചു. ഹരി ബാലാജി, മനീഷ് ജെയിൻ എന്നിവർ ക്ലാസെടുത്തു. എ.എൻ. ഹേന, പി. ജിനിമോൾ എന്നിവർ പ്രസംഗിച്ചു.

**ഫോട്ടോ ക്യാപ്ഷൻ**

**'ദുരന്തബാധിതരോടുള്ള ഉത്തരവാദിത്തം' എന്ന വിഷയത്തിൽ അന്തർസർവകലാശാല ഭിന്നശേഷി പഠനകേന്ദ്രവും ജില്ലാ ഇന്റർ എമർജൻസി ഗ്രൂപ്പും സ്പിയർ ഇന്ത്യയും ഓഫർ ഇസ്ലാമിക് റിലീഫും സംയുക്തമായി മഹാത്മാ ഗാന്ധി സർവകലാശാല കാമ്പസിൽ സംഘടിപ്പിച്ച ശില്പശാല സബ് കളക്ടർ ഇഷ പ്രിയ ഉദ്ഘാടനം ചെയ്യുന്നു**

**സാമൂഹിക മാധ്യമങ്ങളുടെ ഫലപ്രദമായ ഉപയോഗം;**

**എൻ.എസ്.എസ്. വോളണ്ടിയർമാർക്ക് പരിശീലനം നൽകി**

സാമൂഹിക മാധ്യമങ്ങൾ ഫലപ്രദമായും ഗുണപരമായും ഉപയോഗിക്കുന്നത് സംബന്ധിച്ച് എൻ.എസ്.എസ്. വോളണ്ടിയർമാർക്ക് പരിശീലനം നൽകി. 'സാമൂഹിക മാധ്യമങ്ങളിലൂടെ വ്യക്തിത്വ വികസനം' എന്ന വിഷയത്തിൽ നടന്ന പരിശീലന പരിപാടി സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ ഉദ്ഘാടനം ചെയ്തു. സാമൂഹിക മാധ്യമങ്ങൾ കരുതലോടെയും ജാഗ്രതയോടെയും ഉപയോഗിക്കണമെന്നും വസ്തുതകൾ മനസിലാക്കി വിവരങ്ങൾ കൈമാറാൻ ശ്രദ്ധിക്കണമെന്നും അദ്ദേഹം

പറഞ്ഞു. മഹാത്മാ ഗാന്ധി സർവകലാശാല അസംബ്ലി ഹാളിൽ നടന്ന പരിപാടിയിൽ എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു അധ്യക്ഷത വഹിച്ചു. പ്രൊഫ. ജോബിൻ ജോർജ് ക്ലാസ്സെടുത്തു. പ്രൊഫ. ദിയ ഫിലിപ്പ് പ്രസംഗിച്ചു.

**<u>ഫോട്ടോ ക്യാപ്ഷൻ</u>**

**മഹാത്മാ ഗാന്ധി സർവകലാശാല അസംബ്ലി ഹാളിൽ 'സാമൂഹിക മാധ്യമങ്ങളിലൂടെ വ്യക്തിത്വ വികസനം' എന്ന വിഷയത്തിൽ എൻ.എസ്.എസ്. സംഘടിപ്പിച്ച പരിശീലന പരിപാടി സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ ഉദ്ഘാടനം ചെയ്യുന്നു**

**സുസ്ഥിര ജലവിഭവ പരിപാലനം; ദ്വിദിന ശില്പശാലയ്ക്ക് തുടക്കം**

## ജലഗുണനിലവാരം ഉറപ്പാക്കാൻ സെൻസർ അധിഷ്ഠിത ഉപകരണങ്ങൾ വേണം: ശില്പശാല

ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ സെൻസർ അധിഷ്ഠിത ഉപകരണങ്ങൾ ഉപയോഗിക്കണമെന്നും വെള്ളപ്പൊക്ക മുന്നറിയിപ്പ് സംവിധാനങ്ങൾക്കായി മൊബൈൽ ആപ്ലിക്കേഷനുകൾ കൊണ്ടുവരണമെന്നും കാരുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് വൈസ് ചാൻസലർ പ്രൊഫ. ഇ.ജെ. ജെയിംസ് പറഞ്ഞു. മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബയോസയൻസസും ജപ്പാനിലെ സോഫിയ സർവകലാശാലയും സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലും ചേർന്ന് 'സുസ്ഥിര ജലവിഭവ പരിപാലനം' എന്ന വിഷയത്തിൽ സംഘടിപ്പിച്ച രാജ്യാന്തര ശില്പശാലയിൽ വിഷയാവതരണം നടത്തുകയായിരുന്നു അദ്ദേഹം.

2050ഓടെ കാലാവസ്ഥാ വ്യതിയാനം മൂലം കേരളത്തിലെ താപനില 1.5 ഡിഗ്രി സെൽഷ്യസ് വർധിക്കുമെന്നും സമുദ്ര ജലനിരപ്പ് ഒരു മീറ്ററോളം ഉയരുമെന്നുമാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഇങ്ങനെ വന്നാൽ കൊച്ചിക്ക് ചുറ്റുപാടുമുള്ള 169 ചതുരശ്ര കിലോമീറ്റർ സ്ഥലം വെള്ളത്തിനടിയിലാകുമെന്നും അദ്ദേഹം സൂചിപ്പിച്ചു. പ്രളയത്തെ നിയന്ത്രിക്കുന്നതിൽ റോഡ് നിർമ്മാണരീതികൾക്കുപോലും പ്രാധാന്യമുണ്ടെന്ന് ജപ്പാൻ സോഫിയ സർവകലാശാലയിലെ ഗ്ലോബൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻവയോൺമെന്റൽ സ്റ്റഡീസ് ഡയറക്ടർ പ്രൊഫ. ഹ്വാങ് ഗ്വാങ്‌വെ പറഞ്ഞു. പ്രളയമുണ്ടായാൽ നാശനഷ്ടങ്ങൾ പരമാവധി കുറയ്ക്കുന്ന നിലയിൽ ജപ്പാനിൽ റോഡ് നിർമ്മാണ രീതി മാറിയിട്ടുണ്ടെന്നും ഇവിടെ പ്രാവർത്തികമാക്കാമെന്നും അദ്ദേഹം പറഞ്ഞു.

ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടിയുള്ള ദുരന്തനിവാരണ സംവിധാനങ്ങൾക്ക് പ്രാധാന്യം നൽകണമെന്ന് പ്രൊഫ. കെയ്കോ ഹിരോ പറഞ്ഞു. കാലാവസ്ഥാ വ്യതിയാനം മൂലം കേരളത്തിലെ ജലാശയങ്ങളിലെ ലവണാംശ തോത് ക്രമാതീതമായി വർധിക്കുന്നുണ്ടെന്ന് ഡോ. കെ.ജി.പത്മകുമാർ പറഞ്ഞു. ജലാശയങ്ങളിൽ കാഡ്മിയം അടക്കമുള്ള സാന്ദ്രതയാർന്ന ലോഹങ്ങളുടെ അളവ് അപകടകരമാം വിധം ഉയർന്നിട്ടുള്ളതായും പ്രളയം മുൻകൂട്ടി അറിയാനുള്ള സംവിധാനം കേന്ദ്ര ജലകമ്മീഷന്റെ സ്റ്റേഷനുകളിൽ സജ്ജീകരിച്ചാൽ വെള്ളപ്പൊക്കത്തിന്റെ കാഠിന്യം മുൻകൂട്ടി അറിഞ്ഞ് പ്രവർത്തിക്കാൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

ദ്വിദിന ശില്പശാല സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ ഉദ്ഘാടനം ചെയ്തു. ജലവിഭവ പരിപാലനത്തിൽ മികച്ച മാതൃകകൾ സൃഷ്ടിച്ചിട്ടുള്ള ജപ്പാനിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സഹകരണത്തോടെയുള്ള ഗവേഷണം സംസ്ഥാനത്തിന് ഗുണകരമാകുമെന്ന് അദ്ദേഹം പറഞ്ഞു.

വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫ. എ.എസ്. പത്മനാഭൻ അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റംഗവും ഡയറക്ടറുമായ പ്രൊഫ. കെ. ജയചന്ദ്രൻ, ഡോ. ജെ.ജി. റേ എന്നിവർ പ്രസംഗിച്ചു. പ്രൊഫ. ഇ.ജെ. ജെയിംസ്, പ്രൊഫ. ഹ്വാങ് ഗ്വാങ്വെ, പ്രൊഫ. കെയ്കോ ഹിരോ, ഡോ. നൊബുഹിറോ സുസുക്കി, പ്രൊഫ. ജോൺ ജെ. പുത്തൻകളം, ഡോ. പി.എസ്. ഹരികുമാർ, ഡോ. കെ.ജി. പത്മകുമാർ, ഡോ. സി.ടി. അരവിന്ദ്കുമാർ, ഡോ. എ.എം. തോമസ്, ഡോ. ഇബ്നുസൗദ് എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധം അവതരിപ്പിച്ചു.

കേരളത്തിലെ ജലവിഭവ മാനേജ്മെന്റ്, ദുരന്ത പുനരധിവാസം, സുസ്ഥിര വികസനവും പരിസ്ഥിതിയും, കേരളത്തിലെ ജല ഗുണനിലവാര മാനേജ്മെന്റ്, കേരളത്തിലെ ജല ആവാസ വ്യവസ്ഥയും പരിപാലനവും, ജലവുമായി ബന്ധപ്പെട്ട സാമൂഹിക - പാരിസ്ഥിതിക പ്രശ്നങ്ങൾ, ജലശുദ്ധീകരണത്തിനുള്ള പാരമ്പര്യ മാർഗങ്ങൾ, ജലവുമായി ബന്ധപ്പെട്ട പാരിസ്ഥിതിക പഠനങ്ങൾ എന്നീ വിഷയങ്ങൾ ശില്പശാലയിൽ ചർച്ച ചെയ്തു. ഇന്ന് (നവംബർ 3) ജപ്പാനിൽ നിന്നടക്കമുള്ള ഗവേഷകരും വിദഗ്ധരുമടങ്ങുന്ന സംഘം തണ്ണീർത്തടങ്ങളും ജലാശയങ്ങളും സന്ദർശിക്കും. കുട്ടനാട്ടിലെ ജലാശയങ്ങളുടെ സ്ഥിതി വിലയിരുത്തും.

**ഫോട്ടോ ക്യാപ്ഷൻ**

**മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബയോസയൻസസും ജപ്പാനിലെ സോഫിയ സർവകലാശാലയും സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലും ചേർന്ന് 'സുസ്ഥിര ജലവിഭവ പരിപാലനം' എന്ന വിഷയത്തിൽ സംഘടിപ്പിച്ച രാജ്യാന്തര ശില്പശാല സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ ഉദ്ഘാടനം ചെയ്യുന്നു**

**എൻവയോൺമെന്റ് മാനേജ്മെന്റ്**

**പരിശീലനം: അപേക്ഷിക്കാം**

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസും സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും സംയുക്തമായി സംഘടിപ്പിക്കുന്ന എൻവയോൺമെന്റ് മാനേജ്മെന്റ് പരിശീലന പരിപാടിക്ക് അപേക്ഷിക്കാം. നവംബർ 27 മുതൽ 30 വരെ നടക്കുന്ന പരിശീലനത്തിൽ വിദ്യാർഥികൾക്കും അധ്യാപകർക്കും പൊതുജനങ്ങൾക്കും പങ്കെടുക്കാം. വിശദവിവരത്തിനും രജിസ്ട്രേഷനും www.mgu.ac.in, www.sesmgu.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക. ഫോൺ: 9447871596.

**റൂറൽ ഡെവലപ്മെന്റിൽ സർട്ടിഫിക്കറ്റ്**

**കോഴ്സ്: പ്രവേശനം**

മഹാത്മാ ഗാന്ധി സർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോംങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ നടത്തുന്ന റൂറൽ ഡെവലപ്മെന്റ് സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് നവംബർ 14ന് പ്രവേശനം നടക്കും. 20 സീറ്റാണുള്ളത്. 10 ദിവസത്തെയാണ് കോഴ്സ്. യോഗ്യത; പ്ലസ്ടു/പ്രീഡിഗ്രി. ഫീസ്: 3000 രൂപ. രാവിലെ 10ന് ഡിപ്പാർട്ട്മെന്റിൽ ഹാജരാകണം. വിശദവിവരത്തിന് ഫോൺ: 0481 - 2731560, 2731724.

**ബിരുദ പരീക്ഷകളുടെ മൂല്യനിർണയ ക്യാമ്പിന് തുടക്കം;**

**പങ്കെടുക്കുന്നത് 4800 അധ്യാപകർ**

മഹാത്മാ ഗാന്ധി സർവകലാശാലയിലെ രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ജൂൺ 2018, അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ഒക്ടോബർ 2018 ബിരുദ പരീക്ഷകളുടെ ഉത്തരക്കടലാസിന്റെ മൂല്യനിർണയക്യാമ്പുകൾക്ക് തുടക്കം. എട്ടു സോണുകളിലായി കേന്ദ്രീകൃത രീതിയിലാണ് മൂല്യനിർണയം. 4800 അധ്യാപകരാണ് മൂല്യനിർണയ ക്യാമ്പുകളിലുള്ളത്.

കോട്ടയം ഗവ. കോളേജ്, കോട്ടയം ബസേലിയസ് കോളേജ്, പാലാ സെന്റ് തോമസ് കോളേജ്, കോഴഞ്ചേരി സെന്റ് തോമസ് കോളേജ്, മൂവാറ്റുപുഴ നിർമല കോളേജ്, ആലുവ യു.സി. കോളേജ്, തൃപ്പൂണിത്തുറ ചിന്മയ വിദ്യാപീഠ്, കട്ടപ്പന ലബ്ബക്കട ജെ.പി.എം. കോളേജ് എന്നിവിടങ്ങളിലാണ് ക്യാമ്പുകൾ പ്രവർത്തിക്കുന്നതെന്ന് സിൻഡിക്കേറ്റ് പരീക്ഷാ ഉപസമിതി കൺവീനർ ഡോ. ആർ. പ്രഗാഷ് പറഞ്ഞു.

സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. പി.കെ. പത്മകുമാർ, ഡോ. കെ. കൃഷ്ണദാസ്, ഡോ. എ. ജോസ്, ഡോ. അജി. സി. പണിക്കർ, ഡോ. എം.എസ്. മുരളി, വി.എസ്. പ്രവീൺകുമാർ എന്നിവർ വിവിധ ക്യാമ്പുകളുടെ ചുമതല നിർവ്വഹിക്കുന്നു. ബിരുദ, ബിരുദാനന്തര ബിരുദ പരീക്ഷകളുടെ ഫലപ്രഖ്യാപനം വേഗത്തിലാക്കുന്നതിനായാണ് കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പ് നടത്തുന്നത്. രണ്ടാം സെമസ്റ്റർ പി.ജി. സി.എസ്.എസ്. ജൂലൈ 2018, ഒന്ന്, രണ്ട് സെമസ്റ്റർ പി.ജി. പ്രൈവറ്റ് ജൂലൈ 2018 പരീക്ഷകളുടെ മൂല്യനിർണയം ഹോം വാല്യുവേഷൻ സ്പെഷൽ സ്കീം പ്രകാരം നടക്കും. നവംബർ 12 വരെയാണ് ക്യാമ്പ്.

**ഫോട്ടോ ക്യാപ്ഷൻ**

**കോട്ടയം ബസേലിയസ് കോളേജിലെ ബിരുദ പരീക്ഷ മൂല്യനിർണയ ക്യാമ്പ്**

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ